ശ്രീ. ടി. അബ്ദുൽ മജീദ്: ഇപ്പോൾ സബ് ഡിവിഷന്റെ അടിസ്ഥാനത്തിലാണ് ഇത നീക്കിവയ്ക്കുന്നത്.

ശ്രീ. സി. എ. മാത്യു: 1959-60 സാമ്പത്തികവർഷത്തിൽ വേറെ പണി കൾക്ക് ഇത നീക്കിവച്ചിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൽ മജീദ്: ഉണ്ട്.

ശ്രീ. ടി. ഒ. ബാവ: സബ് ഡിവിഷന്റെ അടിസ്ഥാനത്തിൽ നീക്കി വച്ചിട്ടുള്ള ഇത എങ്ങനെയാണ് ചെലവാക്കുന്നതെന്ന് പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: സബ് ഡിവിഷൻ വർക്കമ്മിറ്റി യുടെ നിർദ്ദേശപ്രകാരമാണ് ഇത ചെലവഴിക്കുന്നത്.

ആത്മഹത്യ.

* 1421. [2] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞകൊല്ലം കേരളസ്റ്റേറ്റിൽ ആകെ എത്രപേർ ആത്മ ഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും മൂലം ആത്മഹത്യ ചെയ്തവരുടെ സംഖ്യ എത്ര?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 1351.

(ബി) ക്രിയ്യമായി പറയുവാൻസാധ്യമല്ല. അറിഞ്ഞിടത്തോളം 154 പേർ.

ശ്രീ. കെ. ഹസ്സൻഗനി: പട്ടിണികൊണ്ട് മരണപ്പെട്ടവർ ഏത പ്രദേശത്താണ് കൂടുതൽ എന്ന പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസു വേണം.

ഭാഷാധ്യയനം.

* 1422. [3] ശ്രീ. എൻ. ശിവൻ പിള്ള: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പർ പ്രൈമറിസ്കൂളുകളിൽ നിലവിൽ ഉണ്ടായിരുന്ന ഭാഷാധ്യ യനം മറ്റെന്തെങ്കിലും വേണ്ടെന്ന വച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം ഭാഷാധ്യാപകരായി ജോലി ചെയ്തിരുന്ന എത അധ്യാപകരെ പിരിച്ചുവിടിട്ടുണ്ട്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഇല്ല.

(ബി) മൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ശിവൻപിള്ള: പ്രൈമറി സ്കൂളുകളിൽ ശാസ്ത്രിപാസ്സായി രണ്ടും മൂന്നും കൊല്ലം സർവ്വീസ് ഉള്ളവരെ പിരിച്ചുവിട്ടിട്ടുള്ളതായി വല്ല വാർത്തയും കിട്ടീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly